പിന്നീട് പട്ടികജാതി വികസന ഡയറക്ടറുടെ ശിപാർശ പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് 27-11-2003-ലെ സ.ഉ. (കൈ) 75/03/പജ.പവ.വിവ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 70 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. 27-11-2003-ലെ മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരമുള്ള നടപടികൾ പൂർത്തിയാവാത്തതിനാൽ ഈ സാമ്പത്തിക വർഷം ഇതുവരെ ഈയിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

134 [1821] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം;

(ബി) പുതുതായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങാൻ പദ്ധതിയുണ്ടോ;

(സി) കൊല്ലം ജില്ലയിൽ ചിതറ പഞ്ചായത്തിൽ ചക്കമലയിൽ പഞ്ചായത്തു വക 8 ഏക്കർ വസ്തു സൗജന്യമായി മോഡൽ റസിഡൻഷ്യൽ സ്കൂളിനോ സ്പോർട്സ് സ്കൂളിനോ നൽകാമെന്ന് ഗവൺമെന്റിനെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ അവിടെ പ്രസ്തുത സ്ഥാപനം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 18-ഉം പട്ടികജാതി വികസനവകുപ്പിന്റെ കീഴിൽ 7-ഉം മോഡൽ റസിഡൻഷ്യൽ/ആശ്രമം സ്കൂളുകൾ പ്രവർത്തിക്കുന്നു. അവയുടെ ലിസ്റ്റ് † അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) പുതുതായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങാൻ പട്ടികജാതി വികസന വകുപ്പിൽ പദ്ധതിയുണ്ട്.

(സി) കൊല്ലം ജില്ലയിൽ ചടയമംഗലം നിയോജകമണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി സ്പോർട്സ് സ്കൂൾ സ്ഥാപിക്കുന്നതിന് 8 ഏക്കർ സ്ഥലം വിട്ടുതരാമെന്നുള്ള നിവേദനത്തിൻമേൽ കൊല്ലം ജില്ലാ പട്ടികജാതി വികസന ഓഫീസറോട് പട്ടികജാതി വികസന ഡയറക്ടർ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly